## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1868      07.03.2018 — ൽ മറുപടിക്ക്

## വാതിൽപ്പടി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.കെ.വിജയൻ<br>,, മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി സി.കെ. ആശ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) പൊതുവിതരണ മേഖലയിലെ വാതിൽപ്പടി വിതരണം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) വാതിൽപ്പടി വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; | (എ) യും (ബി) യും ഉണ്ട്. ജീവനക്കാരുടെ അപര്യാപ്തത, പരിചയക്കുറവ്, ഗോഡൗണുകളുടെ കുറവ്, തൊഴിലാളികളുടെ സമരം, ട്രാൻസ്പോർട്ടിംഗ് എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലും സംസ്ഥാനത്തെ റേഷൻ കരിഞ്ചന്ത തടയുന്നതിനും റേഷൻ സാധനങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിനും വാതിൽപ്പടി വിതരണം മൂലം സാധിച്ചിട്ടുണ്ട്. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request For Proposal (RFP) തയ്യാറാക്കി വരുന്നു. |
| (സി) ജി.പി.എസ് ഘടിപ്പിക്കാത്തതുമൂലം അരി മറ്റിടങ്ങളിലേക്ക് കടത്തുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) വാതിൽപ്പടി വിതരണത്തിൽ വാഹനങ്ങളുടെ അപര്യാപ്തത മൂലം റേഷൻകടകളിൽ സാധനങ്ങൾ കൃത്യസമയത്ത് എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇല്ല. റേഷൻകടകളിലേക്ക് വിതരണം കടത്തുകരാർ മുഖേനയാണ് ചെയ്യുന്നത്. വാഹനങ്ങളുടെ അപര്യാപ്തത മൂലം റേഷൻകടകളിലേക്കുള്ള വിതരണം വൈകാറില്ല. |

സെക്ഷൻ ഓഫീസർ